"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP) യുടെ കീഴിലെ പ്രവൃത്തികളുടെ ക്വാളിറ്റി കൺട്രോൾ/ ക്വാളിറ്റി മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ. ഡബ്ല്യു. ബി.) വകുപ്പ്**

G.O.(Rt) No.1864/2020/LSGD തീയതി, തിരുവനന്തപുരം, 09/10/2020

പരാമർശം:- 1 09/01/2020 ലെ സ. ഉ. (സാധാ) നമ്പർ: 13/2020/തസ്വഭവ.

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 08/09/2020 ലെ ഡിബി4/8614/CMLRRP/2020/സിഇ നമ്പർ കത്ത്.

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP) ദ്രുതഗതിയിൽ പുരോഗമിക്കുന്ന സാഹചര്യത്തിൽ, പ്രവൃത്തികളുടെ ക്വാളിറ്റി കൺട്രോൾ/ ക്വാളിറ്റി മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കണമെന്ന് പരാമർശം (2) ലെ കത്തിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അഭ്യർത്ഥിക്കുകയും മാർഗ്ഗ നിർദ്ദേശങ്ങളുടെ കരട് സർക്കാർ പരിഗണനക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. CMLRRP പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ക്വാളിറ്റി കൺട്രോൾ/ ക്വാളിറ്റി മോണിട്ടറിംഗിനായി ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
U V JOSE IAS
ADDITIONAL SECRETARY

പകർപ്പ്

ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ ഐ. കെ. എം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SREEKANTH G
Date: 2020.10.10 19:41:26 IST
Reason: Approved

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP)

## ക്വാളിറ്റി കൺട്രോളിംഗിനും ക്വാളിറ്റി മോണിട്ടറിംഗിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

CMLRRP പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി ഒരു റിട്ടയേർഡ് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജില്ലയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അതാത് തദ്ദേശ സ്ഥാപനങ്ങളിലെ എഞ്ചിനീയർ എന്നിവരെ ഉൾപ്പെടുത്തി കൊണ്ട് ജില്ലാ കളക്ടർമാർ ക്വാളിറ്റി മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതാണ്. പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പവരുത്തുന്നതിന് പ്രവൃത്തികളുടെ നിർമ്മാണ വേളയിൽ ഏത് ഘട്ടത്തിൽ വേണമെങ്കിലും സൈറ്റ് പരിശോധന നടത്തുന്നതിന് ജില്ലാതല ടെക്നിക്കൽ കമ്മിറ്റിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

പ്രവൃത്തികളുടെ ക്വാളിറ്റി കൺട്രോളിന്റെ ചുമതല അസിസ്റ്റന്റ് എഞ്ചിനീയർമാർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിലായിരിക്കും. ക്വാളിറ്റി മോണിട്ടറിങ്ങിന്റെ ചുമതല ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയായിരിക്കും. പ്രവൃത്തികൾ MoRD/MoRTH സ്പെസിഫിക്കേഷൻ പ്രകാര മാണ് നടപ്പാക്കുന്നത് എന്ന് ഇവർ പരിശോധിച്ച് ഉറപ്പവരുത്തേണ്ടതാണ്.

ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ് ബന്ധപ്പെട്ടവർ പരിശോധന നടത്തേണ്ടത്.

| പ്രവൃത്തികളുടെ തരം | ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതല (എ.ഇ./എ.ഇ.ഇ./ഇ.ഇ) | ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ ചുമതല |
|---|---|---|
| 25 ലക്ഷത്തിന് മുകളിൽ ഉള്ള പ്രവൃത്തികൾ | എല്ലാ പ്രവൃത്തികളുടെയും ഗുണമേന്മയുടെ നിയന്ത്രണം | എല്ലാ പ്രവൃത്തികളും പരിശോധിച്ച് ഗുണമേന്മ ഉറപ്പ വരുത്തേണ്ടതാണ്. |
| 25 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ | എല്ലാ പ്രവൃത്തികളുടെയും ഗുണമേന്മയുടെ നിയന്ത്രണം | 10% പ്രവൃത്തികളുടെ ഗുണമേന്മ പരിശോ ധിച്ച് ഉറപ്പവരുത്തേണ്ടതാണ്. 10% പ്രവൃത്തികൾ കണ്ടെത്താൻ ഐ.കെ.എം. ന്റെ സോഫ്റ്റ് വെയറിൽ ഓട്ടോ ജനറേഷൻ സംവിധാനമുണ്ടാകും. പ്രവൃത്തികൾ പൂർത്തീ കരിച്ചതിനു ശേഷമാണ് ഓട്ടോ ജനറഷൻ ഉണ്ടാകുന്നത്. |

പരിശോധനയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ ജില്ലാതല ടെക്നിക്കൽ കമ്മിറ്റി സൈറ്റ് പരിശോധന നടത്തി ഗുണമേന്മ സർട്ടിഫൈ ചെയ്യുന്ന മുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ Bill Pass ആക്കി Payment നായി ചീഫ് എഞ്ചിനീയർ (Payment Authority) ക്ക് Payment requisition അയയ്ക്കേണ്ടതാണ്. MIS ൽ പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് ലഭിച്ച് 10 ദിവസത്തിനകം കമ്മിറ്റി പരിശോധന നടത്തി റിപ്പോർട്ട് MIS ൽ നേരിട്ട് upload ചെയ്യണം. ഈ ആവശ്യത്തിന് കമ്മിറ്റിയ്ക്ക് MIS ൽ പ്രത്യേക Login ഉണ്ടാവുന്നതാണ്.

നിർവ്വഹണ വേളയിൽ പ്രവൃത്തികൾക്ക് പാർട്ട് payment അനുവദിക്കേണ്ട സ്ഥിതിയുണ്ടായാൽ, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ഉറപ്പ് വരുത്തിയശേഷം പാർട്ട് payment ന് ശിപാർശ ചെയ്യാവുന്നതാണ്. 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം പാർട്ട് ബിൽ അനുവദിക്കുന്നതിനായി ക്വാളിറ്റി മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ട് കൂടി payment requisition നോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉൾപ്പെടുത്തേണ്ടതാണ്.

ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയ്ക്ക് പരിശോധനയ്ക്ക് തെരഞ്ഞടുത്തിട്ടുള്ള എല്ലാ പ്രവൃത്തികളുടെ visual inspection നടത്താവുന്നതും, ഗുണനിലവാരത്തിൽ സംശയമുള്ള സന്ദർഭങ്ങളിൽ വിശദമായ പരിശോധന നിർദ്ദേശിച്ചുകൊണ്ട് ശിപാർശ നൽകാവുന്നതാണ്.

എല്ലാ ഒറിജിനൽ വർക്ക് ബില്ലുകൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ പാസ്സാക്കേണ്ടതും, പാസ്സാക്കിയ ബില്ലിന്റെ ഒറിജിനൽ അവരുടെ ഓഫീസിൽ തന്നെ സൂക്ഷിക്കേണ്ടതുമാണ്. നിയമപ്രകാരമുള്ള ഓഡിറ്റിന് ഇവ ഹാജരാക്കേണ്ടതാണ്. പാസ്സാക്കിയ ബിൽ MIS Software മുഖേന Payment നായി ചീഫ് എഞ്ചിനീയർക്ക് അയയ്ക്കേണ്ടതും, Payment Authority (CE) requisition പ്രകാരമുള്ള തുക ബന്ധപ്പെട്ട കരാറുകാർ/പാർട്ടിയ്ക്ക് DBT വഴി അനുവദിച്ച് നൽകേണ്ടതുമാണ്. നിയമാനുസൃതം ഈടാക്കേണ്ട നികുതികളും മറ്റ് കിഴിവുകളും അതാത് അക്കൗണ്ടിൽ ചീഫ് എഞ്ചിനീയർ ഒടുക്കേണ്ടതാണ്.